പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5908

08/07/2013- **ൽ മറുപടിക്ക്**

**മുൻസിപ്പൽ ഡയറക്ടറേറ്റിലെയും മുൻസിപ്പൽ കോമൺ സർവ്വീസിലെയും ജീവനക്കാരെ ഇന്റഗ്രേറ്റ് ചെയ്യുന്നത്**

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി) |
|---|---|---|
| (എ) മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ; | (എ)& (ബി) | മുൻ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ.കുട്ടി അഹമ്മദ് കുട്ടി അവർകൾ ചെയർമാനായി 20/11/2012 ലെ സർക്കാർ ഉത്തരവ് (സാധാ) 3200/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി ഈ വിഷയങ്ങൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) മുൻസിപ്പൽ ഡയറക്ടറേറ്റിലെയും മുൻസിപ്പൽ കോമൺ സർവ്വീസിലെയും ജീവനക്കാരെ ഇന്റഗ്രേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ഇ.പി.എഫ് പദ്ധതിയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ; എല്ലാ ജീവനക്കാർക്കും പി.എഫ് ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ടോ; ഇതിനുവരുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) | മുൻസിപ്പൽ ജീവനക്കാരുടെ ഇ.പി.എഫ് പദ്ധതിയുടെ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായിട്ടില്ല. എല്ലാ ജീവനക്കാർക്കും ക്രഡിറ്റ് കാർഡ് നൽകിയിട്ടില്ല. പി.എഫ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട "സ്ഥാപന" എന്ന പേരിൽ ഐ.കെ.എം വികസിപ്പിച്ചെടുത്തിട്ടുള്ള സോഫ്റ്റ്‌വെയറിലാണ് നഗരസഭാ ജീവനക്കാരുടെ പി.എഫ് കണക്ക് രേഖപ്പെടുത്തി വരുന്നത്. നഗരസഭാ തലത്തിൽ ഡാറ്റാ എൻട്രി നടത്തി പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം നഗരകാര്യ ഡയറക്ടർക്ക് ഓൺലൈനായി സമർപ്പിക്കുന്ന പ്രസ്തുത ഡാറ്റാ നഗരകാര്യ ഡയറക്ടറേറ്റിലെ പരിശോധനയ്ക്കുശേഷം അംഗീകാരം നൽകുന്ന മുറയ്ക്ക് ക്രഡിറ്റ് കാർഡ് സ്വയമേവ ജനറേറ്റ് ചെയ്യപ്പെടുന്ന സംവിധാനമാണ് നിലവിലുള്ളത്. ഇപ്രകാരം സമർപ്പിക്കപ്പെട്ട / അംഗീകരിക്കപ്പെട്ട ഡാറ്റയിൽ തെറ്റുകളുള്ളതായി ബോദ്ധ്യപ്പെട്ടാൽ അത് നഗരസഭാ തലത്തിൽ തന്നെ തിരുത്തിയതിനുശേഷം ഓൺലൈൻ ആയി നഗരകാര്യ ഡയറക്ടറേറ്റ് പരിശോധനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നതിന് സംവിധാനമുണ്ട്. ഇപ്രകാരമുള്ള പ്രവൃത്തികൾ നഗരസഭാ തലത്തിൽ നിന്നും പൂർത്തിയാക്കി ഡയറക്ടറേറ്റ് തലത്തിൽ സൂക്ഷ്മപരിശോധന നടത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ